# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2569** **19.03.2015** - ൽ മറുപടിക്ക്

### ജല അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ള തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഉപഭോക്താക്കളിൽ നിന്ന് സംസ്ഥാന ജല അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ളത് എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ ഫ്ളാറ്റുകൾ, വൻകിട ഹോട്ടലുകൾ, വ്യവസായികൾ തുടങ്ങിയ വൻകിട ഉപഭോക്താക്കളിൽ നിന്നും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുകയെത്ര; | (എ) | ഉപഭോക്താക്കളിൽ നിന്ന് ജലഅതോറിറ്റിക്ക് പിരിഞ്ഞു കിട്ടാനുള തുക - 389.18 കോടി രൂപ.<br><br>ഫ്ളാറ്റുകൾ, വൻകിട ഹോട്ടലുകൾ, വ്യവസായികൾ തുടങ്ങിയ വൻകിട ഉപഭോക്താക്കളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക - 107.54 കോടി രൂപ. |
| (ബി) | തദ്ദേശസ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഇനത്തിൽ കിട്ടേണ്ട തുക പിരിച്ചെടുക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ബി) | ജലഅതോറിറ്റിയുടെ ഡിവിഷൻ ഓഫീസുകൾ വഴി എല്ലാ പഞ്ചായത്തുകൾക്കും ബില്ല് അതാത് മാസം തന്നെ നൽകാറുണ്ട്. കൂടാതെ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക കിഴിവ് ചെയ്ത് ജലഅതോറിറ്റിയുടെ കുടിശ്ശിക അടയ്ക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പിന് കേരള വാട്ടർ അതോറിറ്റി കത്തും നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ